**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3167** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2020-21, 2021-22 വർഷങ്ങളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര സ്കൂളുകളുടെ എസ്റ്റിമേറ്റ് അടക്കമുള്ള പ്രൊപ്പോസലുകളാണ് ഇരിക്കൂർ നിയോജക മണ്ഡലത്തിൽനിന്നും വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ആവശ്യപ്പെട്ടിരിക്കുന്ന തുക അടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | **2020-21, 2021-22 വർഷങ്ങളിലെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.** |

| ക്രമ നം. | സ്കൂൾ | അനുവദിച്ച തുക | വർഷം |
|---|---|---|---|
| 1 | ജി.യു.പി. എസ്, വയക്കര | 1 കോടി | 2021 |
| 2 | ജി.യു.പി. എസ്, അരീക്കമല | 89 ലക്ഷം | 2021 |
| 3 | ജി.യു.പി. എസ്, തിമിരി | 1 കോടി 48 ലക്ഷം | 2021 |

**മൂന്ന് സ്കൂളുകളുടെ പ്രൊപ്പോസലുകളും പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയാണ് നൽകിയിട്ടുള്ളത്.**

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രൊപ്പോസലുകളിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; എസ്റ്റിമേറ്റ് സമർപ്പിച്ച വർഷവും അറിയിക്കുമോ; | (ബി) | **2020-21, 2021-22 വർഷങ്ങളിലെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.** |

| ക്രമ നം. | സ്കൂൾ | അനുവദിച്ച തുക | വർഷം |
|---|---|---|---|
| 1 | ജി.യു.പി. എസ്, വയക്കര | 1 കോടി | 2021 |
| 2 | ജി.യു.പി. എസ്, അരീക്കമല | 89 ലക്ഷം | 2021 |
| 3 | ജി.യു.പി. എസ്, തിമിരി | 1 കോടി 48 ലക്ഷം | 2021 |

| | | | |
|---|---|---|---|
| | | | **മൂന്ന് സ്കൂളുകളുടെ പ്രൊപ്പോസലുകളും പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയാണ് നൽകിയിട്ടുള്ളത്.** |
| (സി) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | വയക്കര ഗവൺമെന്റ് യു.പി.സ്കൂളിന് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ശേഷിക്കുന്ന സ്കൂളുകളുടെ പ്രൊപ്പോസലുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത സ്കൂളുകൾക്കുകൂടി കെട്ടിടനിർമ്മാണ ഫണ്ട് അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | 2022-23 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ